നം.എൽ.എഫ്എം5/988/2013

മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
പിൻ. 676 505 ഫോൺ. 0483 2734951
ddlfampm@gmail.com
തീയതി 20-6-2013.

മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2010-11 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4)-ാം വകുപ്പ്, * 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : **ശ്രീ. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.**

അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം : അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് നമ്പർ. എൽ.എഫ്.എം2/2023/2011(10) തിയ്യതി 12-12-2011.

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ:

തുവ്വൂർ *ഗ്രാമ*പഞ്ചായത്തിന്റെ ***2010-11*** സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 7-3-2012 മുതൽ 25-3-13 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 7-3-12 മുതൽ 14-2-13 വരെയുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും
27-5-2013 മുതൽ 31-5-2013 വരെ	1) ശ്രീ. ആർ. അജിത്ത്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) 2) ശ്രീ. ടി.പി. അബ്ദുൽ ജലീൽ 3) ശ്രീ. പി. സക്കീർ ഹുസൈൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർ 4) ശ്രീ. ടി. മുഹമ്മദ് സലീം സീനിയർ ഗ്രേഡ് ഓഡിറ്റർ 5) ശ്രീ. രാകേഷ്. ഇ. ടി., ഓഡിറ്റർ

LOCAL FUND AUDIT DEPARTMENT

നിർവഹണാധികാരികൾ

പ്രസിഡന്റ്	പേര്	കാലയളവ്
	1) ശ്രീ. കളത്തിൽ കുഞ്ഞാഷുഹാജി	1-4-2010 മുതൽ 30-9-2010 വരെ
	അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി 1-10-10 മുതൽ 31-10-10 വരെ	
	2) ശ്രീമതി. സലീമ സലാഹുദ്ദീൻ	1-11-2010 മുതൽ 31-3-2011 വരെ
സെക്രട്ടറി	1) ശ്രീ. ടി.ആർ. മോഹൻകുമാർ	1-4-2010 മുതൽ 31-3-2011 വരെ

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ പേരു വിവരം ***അനുബന്ധം - 1*** ആയി ഈ റിഷോർട്ടിനൊടോഷം ചേർത്തിട്ടുണ്ട്.

റിഷോർട്ടിന്റെ ഉള്ളടക്കം

ഈ റിഷോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

ഭാഗം 1. പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

ഭാഗം 2. വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ :

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 3. ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ :

പഞ്ചായത്തിന്റെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ

ഭാഗം 4. ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും :

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധ പത്രിക

1) അനുബന്ധം- 1

എ) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേരു വിവരം/കാലയളവ്.

ബി) നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്/കാലയളവ്:

LOCAL FUND AUDIT DEPARTMENT

ഭാഗം.1
പൊതു അവലോകനം

(1) ബഡ്ജറ്റ്

വർഷം	ബജറ്റ് പാസ്സാക്കിയ പഞ്ചായത്ത് തീരുമാനം/തിയ്യതി	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
2010-11	18-3-2010 ലെ 1-ാം നമ്പർ തീരുമാനം	12,28,25,000	12,18,45,300

(2) വാർഷിക കണക്കുകൾ

വർഷം	വരവ്	ചെലവ്	വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിയ്യതി
2010-11	3,65,47,292	3,66,18,734	3-11-2011

(3) വിവിധ നികുതി/നികുതിയേതര ഡിമാൻഡുകൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി/കുടിശ്ശിക വിവരം

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാന ഇനങ്ങൾ വസ്തു നികുതിയും തൊഴിൽ നികുതിയും മാത്രമാണ്. തൊഴിൽ നികുതി 97 % പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ആകെ പിരിച്ചെടുക്കാനുള്ള വസ്തുനികുതിയായ **8,73,166** രൂപയിൽ **5,41,464** രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ. 38 ശതമാനത്തിലേറെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

4) രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ പരിപാലനം

രജിസ്റ്ററുകൾ നിർദ്ദിഷ്ട രീതിയിലല്ല സൂക്ഷിച്ചു വരുന്നത്. ഭൂരിഭാഗം രജിസ്റ്ററുകളിലും പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (ഖണ്ഡിക 2-1 കാണുക) വരവിനങ്ങളുടെ ഡിമാൻഡ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളിലൊന്നും സൂപ്പർവൈസിംഗ് ഓഫീസർ പരിശോധന നടത്തുന്നില്ല. ഔട്ട് ഡോർ, ഫ്രണ്ട് ഓഫീസർ കളക്ഷൻ രജിസ്റ്ററുകളിൽ ഓരോ ദിവസത്തെയും ക്ലോസിംഗ് സാക്ഷ്യപ്പെടുത്തുന്നില്ല.

വസ്തുനികുതി, കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ, തൻവർഷ ഡിമാൻഡ് രജിസ്റ്റർ എന്നിവ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി. പത്രികയിലെ കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

LOCAL FUND AUDIT DEPARTMENT

മുൻ വർഷ ഡി.സി.ബി. പത്രികയുമായി താഴെ പറയുന്നത് പ്രകാരമുള്ള വ്യത്യാസമുണ്ട്. 2009-10 ലെ ഡി.സി.ബി. പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തു നികുതി **1,27,123** രൂപ മാത്രമാണെങ്കിലും 2010-11 ലെ കുടിശ്ശിക ഡിമാന്റ് **3,61,783** രൂപയുണ്ട്. വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാൻഡ് രജിസ്റ്ററുകൾ സംഗ്രഹം തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5) പി.എഫ്.എ. ലൈസൻസ്- രജിസ്റ്ററുകൾ അപൂർണ്ണം.

പി.എഫ്.എ. ലൈസൻസിന്റെ ഡിമാൻഡ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി ഒപ്പു വെച്ചിട്ടില്ല. രജിസ്റ്ററിൽ പേജ് സാക്ഷ്യപത്രവും രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

6) വിവരാവകാശ നിയമം- അവലോകനം

വിവരാവകാശ നിയമത്തിന്റെ രജിസ്റ്റർ അനുസരിച്ച് ലഭ്യമായ എല്ലാ അപേക്ഷകളിലും സമയബന്ധിതമായി നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. രജിസ്റ്ററിൽ കാണപ്പെട്ട താഴെ പറയുന്ന അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1) ശ്രീമതി. പ്രവീണ.കെ. ജെ. എന്നവർ 07/11 നമ്പറായി സമർപ്പിച്ച അപേക്ഷക്ക് മറുപടി നൽകിയ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2) അപേക്ഷാഫീസ് ഈടാക്കിയ വിവരം രേഖപ്പെടുത്തുന്ന കോളത്തിൽ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സമർപ്പിച്ച അപേക്ഷകളുടെ വിവരം 'NIL' എന്നതിനു പകരം കോർട്ട് ഫീ സ്റ്റാമ്പിന്റെ വിവരം രേഖപ്പെടുത്തേണ്ടതും ഫീസ് ആവശ്യമില്ലാത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ ആ വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

3) അപേക്ഷകളിലെ കോർട്ട് ഫീ സ്റ്റാമ്പുകൾ സമയബന്ധിതമായി റദ്ദു ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

7) പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനത്തിലും സാമ്പത്തിക വിനിമയത്തിലും നിരവധി ക്രമക്കേടുകളുള്ളതായി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ദൈനംദിന ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ 18/01/2007 എച്ച്-1/3880/2006 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടില്ല. പരിശോധനക്ക് ചില രേഖകൾ, രജിസ്റ്ററുകൾ എന്നിവ സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) ഒരു ജീവനക്കാരൻ സ്ഥലം മാറിപ്പോകുന്ന അവസരത്തിൽ ടിയാൻ കൈകാര്യം ചെയ്തിരുന്ന രേഖകളും, രജിസ്റ്ററുകളും, ഫയലുകളും, വൗച്ചറുകളും എണ്ണി തിട്ടപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കി ഈ ആവശ്യത്തിലേക്കായി സൂക്ഷിക്കുന്ന പ്രത്യേക ചുമതല കൈമാറ്റ രജിസ്റ്ററിൽ രേഖപ്പെടുത്തി ഹെഡ് ക്ലാർക്ക്/ ജൂനിയർ സൂപ്രണ്ടിന്റെ മേൽ നോട്ടത്തിൽ പുതുതായി ചുമതലയേൽക്കുന്ന ജീവനക്കാരന് കൈമാറേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

2) ഓഡിറ്റ് നടത്തി എന്ന കാരണത്താൽ ആ കാലയളവിലെ രേഖകൾ നശിപ്പിക്കാൻ പാടില്ല. രേഖകൾ നശിപ്പിക്കുന്നതിന് ഓഫീസ് നടപടി ഗ്രന്ഥത്തിലെ (എം.ഒ.പി) വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

3) ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം.ഒ.പി. വ്യവസ്ഥകൾ നിഷ്കർഷിക്കുന്ന രീതിയിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. തൻപതിവേട് (പി. ആർ.) സൂക്ഷിക്കുന്നതിന് എല്ലാ സെക്ഷനുകൾക്കും നിർദ്ദേശം നൽകേണ്ടതും മേൽ പരിശോധനക്കായി ഹെഡ് ക്ലാർക്ക്/സൂപ്രണ്ടിനെ ചുമതലപ്പെടുത്തേണ്ടതുമാണ്.

4) വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് മുമ്പായി വരവിനങ്ങളുടെ എല്ലാ രജിസ്റ്ററുകളുടെയും വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

5) നിലവിൽ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് പ്രവർത്തിച്ച് വരുന്ന പഞ്ചായത്തിന് പ്രസ്തുത സംവിധാനത്തിന്റെ പൂർണ്ണമായ ഗുണഫലം ലഭ്യമാക്കുന്നതിനായി ഇപ്പോൾ നടന്നു വരുന്ന വസ്തു നികുതി പരിഷ്കരണത്തോടനുബന്ധിച്ച് തന്നെ വസ്തു നികുതിയുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കാനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്. വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ വഴി സാംഖ്യയുമായി ബന്ധിപ്പിക്കുന്നത് പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും പൊതുജനങ്ങൾക്ക് പെട്ടെന്ന് സേവനം ലഭ്യമാക്കാനും ഉപകരിക്കും.

8) ഭരണാനുമതി നൽകിയ പ്രൊജക്ടുകൾ- തുക രേഖപ്പെടുത്തിയിട്ടില്ല.

22-4-2010 ലെ 3-ാം നമ്പർ തീരുമാന പ്രകാരം 2010-11 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 142 പ്രൊജക്ടുകൾക്ക് ഭരണാനുമതി നൽകാൻ തീരുമാനിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭരണാനുമതി നൽകിയത് എത്ര തുകക്കാണ് എന്ന് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

9) ജലസംരക്ഷണം- പഞ്ചായത്ത് മാതൃക കാണിക്കേണ്ടതാണ്.

ജലദൗർലഭ്യം നേരിടുന്ന ഒരു ഗ്രാമപഞ്ചായത്താണ് തുവ്വൂർ. വേനൽക്കാലത്ത് പഞ്ചായത്തിന്റെ കിണർ വറ്റി വരളുന്നതായും പഞ്ചായത്ത് കാര്യാലയത്തിലെ ദൈനംദിനാവശ്യങ്ങൾക്കുള്ള വെള്ളം പുറമെ നിന്ന് എത്തിക്കേണ്ട അവസ്ഥയുള്ളതായും ഓഡിറ്റിന് നേരിട്ട് ബോധ്യപ്പെട്ടു. എന്നാൽ ഇത്രയേറെ ജലദൗർലഭ്യം അനുഭവപ്പെട്ടിട്ടും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് മഴവെള്ളക്കൊയ്ത്ത് സംവിധാനം നിഷ്കർഷിക്കുന്ന പഞ്ചായത്ത് സ്വന്തം കാര്യാലയത്തിന്റെ പരിസരത്ത് പൊതുജനങ്ങൾക്ക് മാതൃകയായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ ശ്രദ്ധിച്ചിട്ടില്ല. ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകതകൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) പഞ്ചായത്തിന്റെ പരിസരം മുഴുവൻ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

2) പഞ്ചായത്തിന്റെ പരിസരത്ത് സ്ഥാപിച്ചിട്ടുള്ള ഫെറോസിമന്റ് ടാങ്കിൽ മഴ വെള്ളം സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്താത്തതിനാൽ നിലവിൽ ഉപയോഗശൂന്യമാണ്. പ്രസ്തുത ടാങ്ക് ഉപയോഗിച്ച് മഴവെള്ളം സംഭരിക്കുന്നതിന് ആവശ്യമായ സംവിധാനം ഉടൻ ഏർപ്പെടുത്തേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

3) പഞ്ചായത്ത് ഓഫീസ് പരിസരത്ത് ലഭ്യമാവുന്ന മഴവെള്ളം ഭൂമിയിലേക്കിറങ്ങാനുള്ള സാഹചര്യം പരിമിതമാണ്. ആയതിനാൽ വേനൽക്കാലത്ത് വറ്റി വരളുന്ന കിണറിലേക്ക് മഴവെള്ളം സംഭരിക്കാനുള്ള കിണർ റീ ചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതും ഒരു മാതൃകാ പദ്ധതിയാക്കി മാറ്റി പൊതു ജനങ്ങളിൽ ജലസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കേണ്ടതുമാണ്.

10) ഫണ്ട് ഇനങ്ങളുടെ വരവ് ചെലവ്.

ഇനം		മുന്നിരിപ്പ് + വരവ്	ചെലവ്	ശതമാനം
		വർഷം- 2010-11	വർഷം 2010-11	
എ	വികസന ഫണ്ട്	1,57,80,806	1,18,82,601	75 %
ബി	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	6,51,349	5,94,400	91 %
സി	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	23,27,512	21,85,851	94 %

11) പഞ്ചായത്തിനെ സംബന്ധിക്കുന്ന പൊതു വിവരം.

വിസ്തൃതി : 31. 38 ച. കി.മീ.
ജനസംഖ്യ : 26,786
വാർഡുകളുടെ എണ്ണം : 17

LOCAL FUND AUDIT DEPARTMENT

ഭാഗം- 2

വരവു കണക്കുകൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ.

(2-1) രസീതി പരിശോധന- രജിസ്റ്ററുകൾ നിർദ്ദിഷ്ട രീതിയിൽ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിലെ രസീതി പുസ്തകങ്ങൾ നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ബന്ധപ്പെട്ട രജിസ്റ്ററുകൾ നിയമാനുസൃത രീതിയിൽ സൂക്ഷിക്കുന്നില്ല. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് കളക്ഷൻ രജിസ്റ്റർ എന്നിവയിലെ ഓരോ ദിവസത്തെയും സംഗ്രഹം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇതിനായി ഓഫീസ് ഉത്തരവിലൂടെ സൂപ്പർവൈസിംഗ് ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്.

2) രജിസ്റ്ററുകളിൽ പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.

3) രജിസ്റ്ററുകളിലെ റദ്ദാക്കിയ പേജുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4) രസീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണമാണ്. എല്ലാ അനുവദിക്കലുകൾക്കും കൈപ്പറ്റിയ ആൾ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നമ്പർ. 5/2013 തിയ്യതി 29-5-2013 ന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

5) സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കുന്ന സ്റ്റേറ്റുമെന്റുകൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. അവധി ദിവസങ്ങൾ സ്റ്റേറ്റുമെന്റുകൾ ഫയൽ ചെയ്യുമ്പോൾ എഴുതി ചേർക്കേണ്ടതാണ്.

6) ക്യാൻസൽ ചെയ്ത രസീതികളുടെ സ്റ്റേറ്റുമെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(2-2) പണം സ്വീകരിച്ചതിന്റെ രസീതികൾ അടവാക്കിയവർക്ക് അനുവദിച്ചിട്ടില്ല.

പണം സ്വീകരിച്ച രസീതിന്റെ പകർപ്പുകൾ യഥാസമയം പണം അടവാക്കിയവർക്ക് നൽകാതെ രസീതി ബുക്കിൽ തന്നെ സൂക്ഷിച്ചിരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു. 07/2013 നമ്പർ. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രസീതി അയച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തിയ്യതി	രസീതി നമ്പർ	പണമടച്ചയാളുടെ പേര്	റിമാർക്സ്
29-5-12	35458/164	ശ്രീ. ഹമീദ് കാരേക്കാടൻ	ഡി&ഒ ലൈസൻസ് ഫീ
16-8-12	328/36	ശ്രീമതി. ചിന്നു മുത്തിപറമ്പിൽ	പേര് ചേർക്കാനുള്ള ഫീ
01-9-12	328/94	മാനേജർ, സതേൺ റെയിൽവേ പാലക്കാട്.	തൊഴിൽ നികുതി
10-9-12	329/23	അക്കൗണ്ട് ഓഫീസർ, ബി..എസ്.എൻ.എൽ.	തൊഴിൽ നികുതി
25-10-12	331/46	മാനേജർ, മഹീന്ദ്ര മോട്ടോഴ്സ്	ഡിമാൻഡ് ഡ്രാഫ്റ്റ്
13-3-13	347/44	ശ്രീ. പറവട്ടി മുഹമ്മദ്	വസ്തു നികുതി

(2-3) ഡി & ഒ ലൈസൻസ് അപേക്ഷയോടൊപ്പം സ്ഥലനാമം- പ്ലാസ്റ്റിക്ക് നിരോധന സാക്ഷ്യപത്രങ്ങൾ നിഷ്ക്കർഷിക്കുന്നില്ല.

ഡി&ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ സ്ഥാപനങ്ങൾ അവ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേര് ബോർഡിൽ മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തി എന്നുറപ്പു വരുത്തണമെന്നും 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുമെന്നുള്ള അണ്ടർടേക്കിംഗ് അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നും 16-3-2007 ലെ സ.ഉ. (സാധാ) 795/2007/തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ 2010-11 സാമ്പത്തിക വർഷത്തിൽ ലൈസൻസിനായി ലഭിച്ച അപേക്ഷകളിലൊന്നും തന്നെ പ്രസ്തുത സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാക്ഷ്യപത്രങ്ങൾ ഹാജരാക്കാൻ അപേക്ഷകരോട് പഞ്ചായത്ത് നഷ്ക്കർഷിച്ചിട്ടുമില്ല. സർക്കാർ ഉത്തരവ് നടപ്പിലാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2-4) ഡി&ഒ ലൈസൻസ്- രേഖകളും രജിസ്റ്ററുകളും നിർദ്ദിഷ്ട രീതിയിൽ സൂക്ഷിക്കുന്നില്ല.

ഡി ആന്റ് ഒ ലൈസൻസിന്റെ ഡിമാൻഡ് രജിസ്റ്ററിൽ പേജ് സാക്ഷ്യപത്രം, വർഷാന്ത്യ സംഗ്രഹം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം അനുവദിച്ച എല്ലാ ലൈസൻസിന്റെയും കാര്യാലയ പ്രതി പരിശോധനക്ക് ലഭ്യമായിട്ടില്ല. പരിശോധനക്ക് ലഭ്യമായവയിലൊന്നും പൂർണ്ണമായ രേഖപ്പെടുത്തലുകളോ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോ ഇല്ല.

LOCAL FUND AUDIT DEPARTMENT

അപേക്ഷകന് ലൈസൻസ് അനുവദിക്കുകയോ അപേക്ഷ നിരസിച്ച അറിയിപ്പ് അപേക്ഷകന് നൽകുകയോ ചെയ്യുമ്പോൾ മാത്രമാണ് ആ അപേക്ഷയിന്മേലുള്ള നടപടി പൂർത്തിയാവുന്നതും അപേക്ഷയിന്മേൽ പഞ്ചായത്ത് സേവനം നൽകിയതായും പരിഗണിക്കാൻ കഴിയുന്നത്. സേവനാവകാശ നിയമം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അപേക്ഷകളിന്മേൽ സേവനം നൽകാൻ കഴിയാത്ത അവസ്ഥ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്. കൂടാതെ ഇത് പഞ്ചായത്ത് പുറപ്പെടുവിക്കുന്ന പൗരാവകാശ രേഖക്ക് വിരുദ്ധമാണ് എന്ന വസ്തുതയും ശ്രദ്ധയിൽപ്പെടുത്തുന്നു. ചില ഉദാഹരണങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

ക്രമ നമ്പർ	ലൈസൻസ് നമ്പറും തിയ്യതിയും	അപേക്ഷകന്റെ പേര്	ആവശ്യം	റിമാർക്സ്
1	115/7-2-12	ശ്രീ.അബ്ദുൽമജീദ്.കെ. പി. കിഴക്കേപറമ്പിൽ. വീട്	മലഞ്ചരക്ക് വ്യാപാരം	അപേക്ഷകന് ലൈസൻസ് നൽകിയിട്ടില്ല.
2	117/7-2-12	ശ്രീ. അബ്ദുൽ നാസർ. കെ. കോഴിയാടൻ. വീട്	ഫാൻസി ഫുട് വെയർ	അപേക്ഷകന് ലൈസൻസ് നൽകിയിട്ടില്ല
3	47/2011-12	ശ്രീ. അബ്ദുള്ള s/o കുഞ്ഞയമു	ലൈസൻസിൽ രേഖപ്പെടുത്തിയിട്ടില്ല.	സെക്രട്ടറി ലൈസൻസ് ഒപ്പിട്ടിട്ടുണ്ടെങ്കിലും പേരും വിലാസവും ഒഴികെ ഒരു രേഖപ്പെടുത്തലുമില്ല. അപേക്ഷകന് ലൈസൻസ് നൽകിയിട്ടുമില്ല.

(2-5) വിനോദ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമായിട്ടില്ല.

വിനോദ നികുതി ഇനത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് **6,276** രൂപ വരുമാനമുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിനോദ നികുതിയുമായി ബന്ധപ്പെട്ട പ്രതിദിന വരവ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയെങ്കിലും ഡിമാൻഡ് രജിസ്റ്ററിന്റെ അഭാവത്തിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത രജിസ്റ്റർ ഹാജരാക്കാൻ 10/2013 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം നിർദ്ദേശിച്ചിരുന്നെങ്കിലും പരിശോധനക്ക് ലഭ്യമായിട്ടില്ല. രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതും രജിസ്റ്ററുകൾ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

LOCAL FUND AUDIT DEPARTMENT

ഭാഗം- 3
ചെലവു കണക്കുകൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ.

(3-1) 2009-10 വർഷം കമ്പ്യൂട്ടർ പരിശീലനം നേടിയവർക്ക് 2010-11 ൽ വീണ്ടും പരിശീലനം നൽകി.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 131/10-11 പ്രൊജക്ട് എസ്.എസ്.എൽ. സി. കഴിഞ്ഞ എസ്. സി. വിഭാഗത്തിലെ പെൺകുട്ടികൾക്ക് ഡി.റ്റി.പി. പരിശീലനം നൽകാൻ ലക്ഷ്യമിട്ടതായിരുന്നു. പ്രൊജക്ടിന്റെ ഭാഗമായി 31 ഗുണഭോക്താക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയതിന്റെ ചെലവായി ബിൽ 10/30-3-11 പ്രകാരം പിൻവലിച്ച തുകയിൽ നിന്ന് **74,866** രൂപയും തനത് ഫണ്ടിൽ നിന്ന് 134 രൂപയും ഉൾപ്പെടെ **75,000** രൂപ തുവ്വൂർ അക്ഷയ സെന്ററിന് നൽകുകയും ചെയ്തു.

എന്നാൽ ഗ്രാമപഞ്ചായത്ത് 2009-10 വർഷം നടഷിലാക്കിയ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 128/09-10 പ്രൊജക്ടിന്റെ ഭാഗമായും എസ്. സി. പെൺകുട്ടികൾക്ക് ഡി.റ്റി.പി. പരിശീലനം നൽകിയിട്ടുണ്ട്. ഇതിന്റെ തുക ഒരു ലക്ഷം രൂപ നൽകുന്നത് വൗച്ചർ. 25/14-5-2010 പ്രകാരമാണ്. 2009-10 വർഷം ഡി.റ്റി.പി. പരിശീലനം നേടിയ 10 കുട്ടികൾക്ക് തുടർന്നുള്ള വർഷവും പരിശീലനം നൽകിയതായി ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു.

ക്രമ നമ്പർ	ഗുണഭോക്താവ്	ഹാജരാക്കിയ എസ്.എസ്. എൽ.സി. ബുക്ക് നമ്പർ (09-10/10-11)	സർട്ടിഫിക്കറ്റ് നമ്പർ- 09-10	സർട്ടിഫിക്കറ്റ് നമ്പർ- 10-11
1	ലസിത D/o ഹരിദാസൻ	128 741	M568/2527	M568/3278
2	സമസ്യ D/o സുധാകരൻ, പൂവ്വശ്ശേരി	131 503	M568/2523	M568/3292
3	ഹർഷദാസ് D/o ഹരിദാസൻ, പരതോട്ടിൽ	465 239	M568/2526	M568/3283
4	രമ D/o രാമൻ, ചോലക്കാട്ടിൽ	131 521	M568/2590	M568/3271
5	ശ്രീജ D/o ചെക്കൻ, കുഴിയംകുത്ത്	514 409	M568/2529	M568/3272
6	ദൃശ്യ D/o ഭാസ്കരൻ, പരഷിനിയിൽ	356 580	M568/2521	M568/3284
7	അനില D/o കുഞ്ഞുണ്ണി, പരഷിനിയിൽ	465 258	M568/2519	M568/3285
8	രമ്യ D/o രാധാമണി, പൊട്ടിപൊയിൽ	176 308	M568/2520	M568/3268
9	ശ്രീരഞ്ജിനി D/o മാധവൻ, പൊട്ടിപൊയിൽ	176 272	M568/2513	M566/3267
10	ദയ D/o ഭാസ്കരൻ, പരഷിനയിൽ	128 754	M568/2522	M568/3287

ജി.ഒ.(പി) 181/98 തഭവ. 2-9-98 ഉത്തരവിൽ ഗ്രാമസഭ അംഗീകാരമുണ്ടെന്ന കാരണത്താൽ മാത്രം ശരിയായ രേഖകൾ പരിശോധിച്ച് ഗുണഭോക്താവിന്റെ അർഹത ഉറപ്പു വരുത്താതെ അനർഹർക്ക് ആനുകൂല്യം അനുവദിച്ചാൽ ആയത് ദുർവിനിയോഗമായി കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

മുൻ വർഷം നടപ്പിലാക്കിയ പ്രൊജക്ടിന്റെ വിവരം വി.ഇ.ഒ-ക്ക് കൈമാറാതിരുന്ന സെക്രട്ടറിയുടെ നടപടിയും ക്രമപ്രകാരമല്ല. പരിശീലനം നേടിയവർക്ക് തന്നെ വീണ്ടും സമാന മേഖലയിൽ പരിശീലനം നൽകിയ ഇനത്തിൽ ചെലവഴിച്ച **24,194** രൂപ (75,000 ÷ 31 × 10) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക **വിഇഒ-** യുടെ ബാധ്യതയായി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് പ്രകാരം കമ്പ്യൂട്ടർ പരിശീലനം നൽകുന്നത് എസ്.എസ്.എൽ.സി. പാസ്സായവർക്കാണ്. എന്നാൽ പരീശീലനം നേടിവരിൽ ദിവ്യ, അനുശ്രീ, ശ്രീരഞ്ജിനി എന്നിവർ എസ്.എസ്.എൽ.സി. പാസ്സായിട്ടില്ല. പ്രൊജക്ടിന്റെ മാനദണ്ഡങ്ങൾ വ്യതിചലിച്ച് പരീശീലനം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. (കമ്പ്യൂട്ടർ പരിശീലനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകുകയുണ്ടായില്ല)

(3-2) <u>ഇ. എം. എസ്. ഭവന പദ്ധതി - ലോൺ തിരിച്ചടവ് വിശദാംശം ലഭ്യമല്ല.</u>

ഇ.എം.എസ്. ഭവന പദ്ധതിയുടെ ലോൺ തിരിച്ചടവിനായി ട്രഷറി ബിൽ നമ്പർ. 18/9-9-10 പ്രകാരം 30 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിക്കുകയും ഈ തുക മലപ്പുറം എം.ഡി.സി. ബാങ്കിന്റെ പാണ്ടിക്കാട് ശാഖയിലെ സിഎ 2/0046 അക്കൗണ്ട് നമ്പറിൽ 9-9-10 തിയ്യതിയിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനക്ക് ലഭ്യമായ രേഖകൾ പ്രകാരം താഴെ പറയും പ്രകാരം **27,15,226**/- രൂപയാണ് ലോൺ അക്കൗണ്ടിൽ അടവാക്കിയതെന്ന് കാണുന്നു.

തിയ്യതി	പ്രിൻസിപ്പൽ അക്കൗണ്ട്	പലിശ	ആകെ
20-10-10	1259980	60,020	13,20,000
,,	449865	15,635	4,65,500
,,	209784	7,216	2,17,000
,,	494961	14,039	5,09,000
,,	194610	9,116	2,03,726
ആകെ	**26,09,200**	**1,06,026**	**27,15,226**

എന്നാൽ **27,15,226**/- രൂപ അടവാക്കിയ ലോൺ അക്കൗണ്ടിന്റെ വിശദാംശങ്ങളൊന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇ.എം. എസ്. ഭവന പദ്ധതിക്കായി ലഭ്യമായ മൊത്തം വായ്പയുടെയും തിരിച്ചടവിന്റെയും വിശദാംശം ലഭ്യമാക്കേണ്ടതാണ്. വികസന ഫണ്ടിൽ നിന്നും പലിശയിനത്തിൽ **1,06,026**/- രൂപ അടവാക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 14/31-5-2013 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിന് ലഭ്യമായ വായ്പയുടെയും അതിന്റെ തിരിച്ചടവിന്റെയും മുഴുവൻ വിശദാംശങ്ങളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

(3-3) പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

താഴെ പറയുന്ന പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയവയുടെ പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമല്ല.

വൗച്ചർ നമ്പർ	തുക	പ്രവൃത്തി	സ്ഥാപനം
33/24-5-10	1,00,000	ഡി.പി.സി. കെട്ടിട നിർമ്മാണത്തിന് നൽകിയത്	ജില്ലാ ആസൂത്രണ സമിതി, മലപ്പുറം
24/11-8-10	58,050	പരപ്പിനി കോളനി വൈദ്യുതീകരണം	കെ. എസ്. ഇ. ബി.
ആകെ	1,58,050		

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/തുകയുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

(3-4) ലൈബ്രറി സെസ് അടവാക്കിയത്- അപാകത

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി (ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാം ഗഡു നവംബർ 30 നകവും) അടയ്ക്കേണ്ടതാണെന്ന് 20-9-2005 ലെ 10088/എൽ.3/05/തസ്വഭവ. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി സർക്കുലറിന് വിരുദ്ധമായി മൂന്ന് വർഷത്തെ ലൈബ്രറി സെസ് **45,601/- രൂപ** താഴെ പറയും പ്രകാരം അടവാക്കിയിട്ടുണ്ട്.

വൗച്ചർ നമ്പർ	തുക	അടവാക്കിയതിന്റെ വിശദാംശം			
		വർഷം	കുടിശ്ശിക	തന്നാണ്ട്	ആകെ
39/30-4-10	45,601	2007-08	8,993	18,418	27,411
		2008-09	-	7,594	7,594
		2009-10	3,373	7,223	10,596
					45,601

മേൽ സർക്കുലർ നിർദ്ദേശങ്ങൾ പരിഗണിക്കാതെ ലൈബ്രറി സെസ് അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 12/31-5-2013 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ മറുപടി നൽകേണ്ടതും ഈ കാലയളവിലേക്ക് പലിശ അടവാക്കുന്നുണ്ടെങ്കിൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

(3-5) ഡെപ്പോസിറ്റ് തിരികെ നൽകുകയോ അടുത്ത വർഷത്തേക്ക് രജിസ്റ്ററിലേക്ക് എടുത്തെഴുതുകയോ ചെയ്തിട്ടില്ല.

2009-10 വർഷത്തെ ഡിമാൻഡ് രജിസ്റ്റർ പ്രകാരം തിരികെ നൽകാൻ അവശേഷിക്കുന്ന താഴെ പറയുന്ന ഡെപ്പോസിറ്റ് തുകകൾ 2010-11 ലെ ഡെപ്പോസിറ്റ് രജിസ്റ്ററിലേക്ക് എടുത്തെഴുതിയതായി കാണുന്നില്ല.

LOCAL FUND AUDIT DEPARTMENT

രശീതി നമ്പർ	തുക	ഇനം
286 57/17/10-4-03	215	ഇ.എംഡി.
286 57/13/19-4-03	275	
286 57/23/5-5-03	330	
286 72/91/14-1-02	500	
286 82/3/27-3-02	100	
28682/4/27-3-02	100	
463 66/72/18-2-05	100	
46370/21/28-2-05	100	
46391/96/5-9-05 മുതൽ 46391/100/ 5-9-05 വരെ	500 (5 × 100) ഇ. ഡി.	
46392/1/5-9-05 മുതൽ 46392/72/5-9-2005 വരെ (37,57,59 ഒഴികെ)	(69 ×100) 6,900	ഇ.ഡി.
ആകെ	9,120	

മേൽ തുക തിരികെ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 16/31-5-13 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ തുകകൾ 2010-11 രജിസ്റ്ററിലേക്ക് എടുത്തെഴുതാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ തിരികെ നൽകാനവശേഷിക്കുന്ന തുകയുടെ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടുമില്ല. ആയത് തയ്യാറാക്കേണ്ടതുമാണ്.

(3-6) <u>ആയുർവേദ ആശുപത്രിക്ക് ഗ്യാസ് കണക്ഷൻ പ്രൊജക്ട് നടത്തിപ്പിലെ അപാകത</u>

റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും **20,000** രൂപ വകയിരുത്തി നടപ്പിൽ വരുത്തിയ ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി ബിൽ നമ്പർ. 2/24-1-2011 പ്രകാരം **19,950** രൂപ പിൻവലിച്ച് മെസ്സേർസ്. *ഹോം മെയിറ്റ്സ്* എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഹാജരാക്കിയ കണക്ഷൻ രേഖ ഭാരത് ഗ്യാസിന്റെ ഏജൻസിയായ *ക്രിസ്റ്റൽ ഗ്യാസ് ഏജൻസി, പെരിന്തൽമണ്ണ*യുടേതാണ്. അംഗീകൃത ഏജൻസികളിൽ നിന്ന് കണക്ഷൻ എടുക്കുകയും സിലിണ്ടർ ഡെപ്പോസിറ്റ് തുക ഈ ഏജൻസിക്ക് നൽകുകയുമാണ് ചെയ്യേണ്ടത്. അതിനു പകരം സിലിണ്ടറിന്റെ വിലയായി **8,010** രൂപ മെസ്സേഴ്സ്. ഹോം മേറ്റ്സിന് നൽകിയതാണ് കാണുന്നത്. ഈ സ്ഥാപനം നൽകിയ ക്വട്ടേഷൻ പ്രകാരം രണ്ടു ഗ്യാസ് സ്റ്റൗകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി ആകെ **10,700** രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഹാജരാക്കിയ ബിൽ പ്രകാരം സിലിണ്ടർ വില കഴിച്ച് **11,940** രൂപ നൽകിയിട്ടുണ്ട്. ക്വട്ടേഷനിൽ സിലിണ്ടർ വില ഉൾപ്പെടുത്തിയിരുന്നില്ല. ക്രിസ്റ്റൽ ഗ്യാസ് ഏജൻസിയിൽ നിന്നുമാണ് ഗ്യാസ് കണക്ഷൻ ലഭ്യമായത് എന്നതിനാൽ സിലിണ്ടർ വില മെസ്സേഴ്സ്. ഗ്യാസ് *സ്റ്റൗ സെയിൽസ് ആന്റ് സർവ്വീസ്* എന്ന സ്ഥാപനത്തിന് നൽകിയത് തടസ്സം ചെയ്യുന്നു.

ഗ്യാസ് സ്റ്റൗവിനും ഫിറ്റിംഗ്സിനും കൂടി ക്വാട്ട് ചെയ്ത് **10,700** രൂപയിലധികം നൽകിയ **1,240** രൂപയിലധികം നൽകിയ **1,240** രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

(3-7) പെൻഷൻ അപേക്ഷകൾ-തീർപ്പ് കൽപിക്കുന്ന നടപടി ക്രമങ്ങളിലെ അപാകതകൾ

വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകൾ സംബന്ധിച്ച് ലഭിച്ചതും അനുവദിച്ചതും നിരസിച്ചതുമായ അപേക്ഷകളുടെ രജിസ്റ്റർ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പരിശോധനക്ക് ഹാജരാക്കിയ രജിസ്റ്ററിൽ അപേക്ഷകന്റെ പേര്, പെൻഷൻ അപേക്ഷിച്ചുവോ നിരസിച്ചുവോ എന്നത് സംബന്ധിച്ച വിവരം എന്നിവ മാത്രമാണ് രേഖപ്പെടുത്തിയത്. അപേക്ഷ ലഭിച്ച തിയ്യതി, അന്വേഷണ ഉദ്യോഗസ്ഥന് നൽകിയതിന്റെയും തിരിച്ച് നൽകിയതിന്റെയും വിവരങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ക്ഷേമ പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ സമയനിഷ്ഠ പാലിച്ച് അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നില്ല. ലഭിക്കുന്ന അപേക്ഷകൾ ശേഖരിച്ച് ശേഷം മുഴുവൻ അപേക്ഷകൾ ഒന്നിച്ച് കൈമാറുകയും അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം ഭരണ സമിതി മുഴുവൻ അപേക്ഷകളും ഒന്നിച്ച് പരിഗണിച്ച് പാസ്സാക്കുകയുമാണ് ചെയ്യുന്നത്. ഉദാഹരണമായി 7-1-2011 ലെ ഭരണ സമിതിയുടെ 2 (1) നമ്പർ തീരുമാന പ്രകാരം 63 ഗുണഭോക്താക്കൾക്ക് വിധവാ പെൻഷൻ അനുവദിച്ച് തീരുമാനിക്കുകയുണ്ടായി.

പെൻഷൻ അപേക്ഷകന് അപേക്ഷ ലഭിച്ച തൊട്ടടുത്ത മാസം മുതൽ പെൻഷൻ ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പെൻഷൻ അനുവദിക്കുന്ന സംഗതിയിൽ ഭരണസമിതി തീരുമാനമെടുത്തതിന്റെ തൊട്ടടുത്ത മാസം മുതലുള്ള പെൻഷനാണ് നൽകിയിട്ടുള്ളത്. ഇത് കാരണം അപേക്ഷകർക്ക് അർഹമായ പെൻഷൻ മാസങ്ങളോളം നഷ്ടപ്പെടുന്നുണ്ട്. ഉദാഹരണമായി 2009 മെയ് മാസത്തിൽ വിധവാ പെൻഷന് അപേക്ഷ സമർപ്പിച്ച ശ്രീമതി. ആമിന. എം, ശ്രീമതി. റുഖിയ. കെ., ശ്രീമതി. മറിയ. എ. എന്നീ അപേക്ഷകർക്ക് 17-2-2011 ലെ 3(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം 3/2011 മുതൽ പെൻഷൻ അനുവദിച്ചപ്പോൾ ഓരോ പെൻഷനർക്കും 21 മാസത്തെ പെൻഷൻ തുക നഷ്ടമാകുകയുണ്ടായി. ക്ഷേമ പെൻഷനുകളിലെ നടപടി ക്രമങ്ങൾ അർഹിക്കുന്ന ഗൗരവത്തിൽ പാലിക്കേണ്ടതാണ്.

(3-8) അംഗൻവാടി മെയിന്റനൻസ് പൊളിച്ചു മാറ്റിയ വസ്തുക്കൾ സ്റ്റോക്കിൽ എടുത്തില്ല.

താഴെ പറയുന്ന പ്രവൃത്തികളിൽ ജനൽ, ജനൽ വാതിൽ, കഴുക്കോലുകൾ തുടങ്ങിയവ പൊളിച്ചു മാറ്റുകയും അവയുടെ സ്ഥാനത്ത് പുതിയവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൊളിച്ചു മാറ്റിയ വസ്തുക്കൾ ഉപയോഗശൂന്യമാണെന്ന് രേഖപ്പെടുത്തുകയോ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത വസ്തുക്കൾ സ്റ്റോക്കിൽ എടുത്ത് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ വീണ്ടും ഉപയോഗിക്കുകയോ ചെയ്യേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തിയുടെ വിവരം	പൊളിച്ചു മാറ്റിയ ഇനങ്ങൾ
1	വാഴക്കിളി അംഗൻവാടി മെയിന്റനൻസ് കോൺട്രാക്ടർ: ശ്രീ. എൻ. കെ. റഹ്മത്തുള്ള ബിൽ നമ്പർ. 3/17-3-11 പ്രവൃത്തിയുടെ മൂല്യം : **31,932**/- രൂപ	വാതിൽ - 1. 48 മീ. 2 ജനൽ - 4 എണ്ണം
2	അക്കരപ്പുറം അംഗനവാടി അറ്റകുറ്റപ്പണി കോൺട്രാക്ടർ: ശ്രീ. അക്ബർ മാഞ്ചേരി പ്രവൃത്തിയുടെ മൂല്യം: **59,797**/- ബിൽ നമ്പർ. 3/17-3-11	ജനൽ - 3 എണ്ണം ജനൽ വാതിൽ 2.4 എം2 വാതിൽ കട്ടിള - 2 എണ്ണം വാതിൽ 2. 88 എം2

LOCAL FUND AUDIT DEPARTMENT

3	തുവ്വൂർ കമാനം അംഗൻവാടി മെയിന്റനൻസ് കോണ്ട്രാക്ടർ: ശ്രീ.എൻ. കെ. റഹ്മത്തുള്ള പ്രവൃത്തിയുടെ മൂല്യം: **2,59,375**/- ബിൽ നമ്പർ. 10/7-3-11	കഴുക്കോലുകൾ-260.63 ഡിഎം3 വെട്ടുകല്ല് - 2. 18 എം3
4	പള്ളിപ്പറമ്പ് അംഗൻവാടി മെയിന്റനൻസ് ശ്രീ. മാഞ്ചേരി അക്ബർ **83,753/-** ബിൽ നമ്പർ. 17/31-3-11	1. എം.പി. ടൈൽസ്- 52. 50 എം2 2. കഴുക്കോൽ - 0. 601 എം3
5	കുന്നത്തങ്ങാടി അംഗൻവാടി കെട്ടിടം പുനർ നിർമ്മാണം കൺവീനർ : ശ്രീ. സുൽഫിക്കർ പ്രവൃത്തിയുടെ മൂല്യം: **1,79,347/-**	1. എം.പി. ടൈൽസ് പൊളിച്ചു നീക്കൽ 64. 58 എം2 2. കഴുക്കോൽ - 525 ഡിഎം3
6	വാഴക്കിളി അംഗൻവാടി മെയിന്റനൻസ് കോൺട്രാക്ടർ: ശ്രീ. എൻ. കെ. റഹ്മത്തുള്ള പ്രവൃത്തിയുടെ മൂല്യം: **84,822**/- ബിൽ നമ്പർ. 5/20-2-11.	1. കഴുക്കോൽ- 400 ഡിഎം3
7	ആലത്തൂർ അംഗൻവാടി കെട്ടിട പുനർ നിർമ്മാണം കൺവീനർ : ശ്രീ. പി. മജീദ് പ്രവൃത്തിയുടെ മൂല്യം : **2,84,416**/- ബിൽ നമ്പർ: 6/20-2-11	1.എം.പി. ടൈൽസ് - 70. 20 എം2 2. കഴുക്കോൽ 550 ഡിഎം3
8	കൂവപ്പുറം അംഗൻവാടി റിപ്പയർ കോൺട്രാക്ടർ: ശ്രീ. വി. പി. മുഹമ്മദാലി ബിൽ നമ്പർ. 7/28-2-11	കഴുക്കോൽ - 1082 ഡിഎം3

(3-9) മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

സർക്കാർ ഉത്തരവ് (എം. എസ്.) 330/2004 തസ്വഭവ. തിയ്യതി 9-12-2004 അനുസരിച്ച് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് അംഗനവാടികളുടെ അറ്റകുറ്റപ്പണികൾ നടത്താവുന്നതാണ്. എന്നാൽ കെട്ടിടം പൂർണ്ണമായി പൊളിച്ചു പുതുതായി നിർമ്മിക്കുന്നതിന് വ്യവസ്ഥയില്ല. താഴെ പറയുന്ന അംഗനവാടി കെട്ടിടങ്ങളുടെ പുനർ നിർമ്മിതിക്കായി മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്. ഇത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ നടപടിയായി ഓഡിറ്റിൽ വിലയിരുത്തുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തിയുടെ വിവരം	തുക
1	ആലത്തൂർ അംഗനവാടി കെട്ടിട പുനർനിർമ്മാണം കൺവീനർ : ശ്രീ. പി. മജീദ്. ബിൽ നമ്പർ. 6/28-2-11	2,84,416
2	തുവ്വൂർ കമാനം അംഗനവാടി മെയിന്റനൻസ് കോൺട്രാക്ടർ: ശ്രീ. എൻ. കെ. റഹ്മത്തുള്ള ബിൽ നമ്പർ: 10/7-3-11	2,59,375
3	കുന്നത്തങ്ങാടി അംഗൻവാടി കെട്ടിട പുനർ നിർമ്മാണം കൺവീനർ : ശ്രീ. സുൽഫിക്കർ കോഴിശ്ശേരി ബിൽനമ്പർ. 17/31-3-11	2,68,799
		8,12,599

വ്യവസ്ഥകൾക്ക് വിരുദ്ധമായ ചെലവ് തടസ്സം ചെയ്യുന്നു.

LOCAL FUND AUDIT DEPARTMENT

(3-10) റോഡ് നിർമ്മാണ പ്രവൃത്തികൾ അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വ്യതിയാനം വരുത്തി നിർവ്വഹിച്ചു.

താഴെ പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിച്ചപ്പോൾ അംഗീകൃത എസ്റ്റിമേറ്റിൽ നിന്നും വ്യതിയാനം വരുത്തിയാണ് ചെയ്തിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തിയുടെ വിവരം	എസ്റ്റിമേറ്റ് പ്രകാരം		പ്രവൃത്തി ചെയ്തപ്പോൾ	
		നീളം	വീതി	നീളം	വീതി
1	പായിപ്പുല്ല് അക്കരക്കുളം റോഡ് മെറ്റലിംഗ് ടാറിംഗ് കോൺട്രാക്ടർ: ശ്രീ.കെ. ഹൈദരലി എം. ബുക്ക് : 32/10-11 ബിൽ നമ്പർ: 16/10-11 തിയ്യതി 31-3-11	213 മീറ്റർ	3 മീറ്റർ	221 മീറ്റർ	2.90 മീറ്റർ
2	കുഴിയംകുത്ത് പരപ്പംപാടം റോഡ് മെറ്റലിംഗ് ടാറിംഗ് കോൺട്രാക്ടർ: ശ്രീ. അക്ബർ മാഞ്ചേരി എം. ബുക്ക്: 61/10-11 ബിൽ നമ്പർ: 16/10-11 തിയ്യതി 31-3-11	137 മീ.	2.90 മീ.	132 മീ.	3.1 മീറ്റർ
3	കാപ്പരക്കുന്ന് എസ്. സി. കോളനി റോഡ് മെറ്റലിംഗ് കോൺട്രാക്ടർ: ശ്രീ. കെ. ഹൈദരലി എം. ബുക്ക്: 55/10-11 ബിൽ നമ്പർ: 16/10-11 തിയ്യതി 31-3-11	273മീറ്റർ	3 മീറ്റർ	256 മീറ്റർ	3. 2 മീറ്റർ
4	തെക്കുംപുറം - ചെരക്കക്കുഴി ഒലിപ്പുഴ റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് കോൺട്രാക്ടർ: ശ്രീ.കെ. ഹൈദരലി. എം. ബുക്ക്: 33/10-11 ബിൽ നമ്പർ. 16/10-11 തിയ്യതി 31-3-11	330 മീറ്റർ	3 മീറ്റർ	320 മീറ്റർ	3. 10 മീറ്റർ
5	പട്ടുമുണ്ട ഫാക്ടറി റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് എം. ബുക്ക്: 1/10-11 ശ്രീ. എൻ. കെ. റഹ്മത്തുള്ള ബിൽ നമ്പർ: 14/18-3-11	286 മീറ്റർ	3 മീറ്റർ	275. 70 മീറ്റർ	3 മീറ്റർ

LOCAL FUND AUDIT DEPARTMENT

എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തിയതിനടിസ്ഥാനമാക്കിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഭാഗം- 4
ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

(4-1) സാമ്പത്തിക നില

ഇനം	മുന്നിരിഷ്	വരവ്	ആകെ	ചെലവ്	നീക്കിയിരിഷ്
ഫണ്ട്					
എ	32,72,806	1,25,08,000	1,57,80,806	1,18,82,601	38,98,205
ബി		70,37,368	70,37,368	70,37,368	
സി	12,36,106	17,42,755	29,78,861	27,80,251	1,98,610
ഡി	12,26,902	22,01,688	34,28,590	27,99,568	6,29,022
ഇ	50,33,004	1,10,06,333	1,60,39,337	91,88,728	68,50,609
എഫ്	16,32,916	20,51,148	36,84,064	29,30,218	7,53,846
ജി	-	-	-	-	-
ആകെ	**1,24,01,734**	**3,65,47,292**	**4,89,49,026**	**3,66,18,734**	**1,23,30,292**

ബാങ്ക്/ട്രഷറി	അക്കൗണ്ട് നമ്പർ	നീക്കിയിരിഷ് തുക 31-3-11
ട്രഷറി	VPF - I	6,29,022
,,	VPF - II	38,98,205
,,	VPF - III	1,98,610
തുവ്വൂർ സർവ്വീസ് കോ-ഓഷറേറ്റീവ് ബാങ്ക്	2,587	8,462
,,	2,964	53,90,582
,,	3,250	1,03,683
സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്	7,898	1,18,914
സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് (സാക്ഷരത)	6,920	53,543
,,	7,907	85,213
സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് എൻ.ആർ.ഇ.ജി.എസ്.	8,941	44,029
പഞ്ചാബ് നാഷണൽ ബാങ്ക്	8,196	8,46,210
എം.ഡി.സി. ബാങ്ക് മലപ്പുറം	2,146	6,26,270
കാഷ് -ഇൻ-ഹാൻഡ്		3,27,549
		1,23,30,292

LOCAL FUND AUDIT DEPARTMENT

(4-2) ഓഡിറ്റ് റിക്കവറി

റിക്കവറിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ആകെ **3,337** രൂപയുടെ വരവുണ്ട്.

റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	തിരികെ ഈടാക്കിയ തുക		ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ/തിയ്യതി
		വരവ് നഷ്ടം	ചെലവ് നഷ്ടം		
1971-72	22, 24 28, 30 33, 34, 36		303	ശ്രീ. കെ. മാധവൻ ശ്രീ. രാജഗോപാലൻ മുൻ സെക്രട്ടറി	45208/73/31-3-11
1976-77	8,10,16	76		ശ്രീ. ഗോപാലൻ നായർ സെക്രട്ടറി	45 208/80/ 31-3-11
78-79	9, 20	145		ശ്രീ.പി. നാരായണൻ നായർ സെക്രട്ടറി	45 208/88/ 31-3-11
79-80	9, 10	200		ശ്രീ.എം.കേശവൻനമ്പൂതിരി, സെക്രട്ടറി	45 208/89/ 31-3-11
81-82	10	27		ശ്രീ.പി.സി.എബ്രഹാം, സെക്രട്ടറി	45 208/90/ 31-3-11
84-85	7	48		എച്ച്. എം. ജി.എൽ.പി. എസ്.	45 208/97/ 31-3-11
88-89, 89-90, 90-91	8, 20, 23	12	349	ശ്രീമതി. വിശാലാക്ഷി സെക്രട്ടറി	45 208/98/ 31-3-11
1991-92	9, 19, 26	2	147	,,	45 216/4/31-3-11
1978-79	26		108	ശ്രീ. നാരായണൻ നായർ	45 216/5/31-3-11
1981-82	19(എ)		259	ശ്രീ. ശങ്കരൻ, സെക്രട്ടറി	45 216/6/31-3-11
1984-85	16, 17, 18		549	ശ്രീ. എ. കെ. ശശി	45 216/7/31-3-11
1986-87 87-88	21		390	ശ്രീ. മുഹമ്മദാലി കോൺട്രാക്ടർ	45 216/10/ 31-3-11
1988-89 89-90 90-91	8		175	എച്ച്.എം. ജി.എൽ. പി. എസ്.	45 216/12/ 31-3-11
91-92	29(1)		134	കൃഷി ഓഫീസർ	45 216/13/ 31-3-11
92-93 93-94	22, 35 37		413	ശ്രീമതി. വിശാലാക്ഷി സെക്രട്ടറി	45 216/14/ 31-3-11
ആകെ		510	2827		

LOCAL FUND AUDIT DEPARTMENT

(4-3) ഓഡിറ്റ് പ്രത്യവലോകനം

എ) *സംക്ഷിപ്ത വിവരം*

	2010-11
ഓഡിറ്റ് വർഷത്തെ ആകെ വരവ്	3,65,47,292
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	3,66,18,734
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	25,434
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**8,20,609**

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		24,194	ശ്രീ. സജു ഗോപിനാഥ്, വി.ഇ.ഒ.
3-6		1,240	ഡോ. അജ്മൽ ബിൻ മുഹമ്മദ് ആയുർവേദ മെഡിക്കൽ ഓഫീസർ
ആകെ		25,434	

സി) തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-6	8,010	ഡോ. അജ്മൽ ബിൻ മുഹമ്മദ് ആയുർവേദ മെഡിക്കൽ ഓഫീസർ
3-9	8,12,599	ശ്രീ. ടി. ആർ. മോഹൻകുമാർ, സെക്രട്ടറി.
ആകെ	**8,20,609**	

ഡി) കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം :

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ : ഇല്ല.

LOCAL FUND AUDIT DEPARTMENT

എഫ്) റിഷോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

പേരും ഉദ്യോഗഷേരും	ഇഷോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം (പിൻകോഡ് സഹിതം)
ശ്രീ. സജു ഗോപിനാഥ് വി. ഇ. ഒ.	വി. ഇ. ഒ. എടക്കര ഗ്രാമപഞ്ചായത്ത്	വേങ്ങത്താട്ടിൽ (ഹൗസ്) എടക്കര (പി.ഒ)
ശ്രീ. അജ്മൽബിൻ മുഹമ്മദ് ആയുർവേദ മെഡിക്കൽ ഓഫീസർ	ലഭ്യമല്ല	തൈപറമ്പിൽ. വീട് മേലാറ്റൂർ പി.ഒ. മലപ്പുറം.

4-3 (ജി) ഓഡിറ്റ് സംഗ്രഹം

നൽകിയ ഓഡിറ്റ് എൻക്വയറികളുടെ എണ്ണം : 16
മറുപടി ലഭിച്ചതിന്റെ എണ്ണം : 7
മറുപടി ലഭിക്കാത്തവ : 9

മറുപടി ലഭ്യമാക്കാത്ത നിർവ്വഹണോദ്യോഗസ്ഥരുടെ വിവരം

ഖണ്ഡിക നമ്പർ	നിർവ്വഹണോദ്യോഗസ്ഥരുടെ പേരും ഉദ്യോഗഷേരും
3-1	ശ്രീ. സജു ഗോപിനാഥ്, വി.ഇ. ഒ
3-2, 3-3, 3-4, 3-5	ശ്രീ. മോഹൻ കുമാർ, സെക്രട്ടറി
3-8, 3-9	എ.ഇ ശ്രീ. എം. പി. ജോസ്
3-10	ശ്രീ. മോഹൻകുമാർ, സെക്രട്ടറി

(4-7) തീർഷാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിഷോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുഷിൽ നിന്നും പുറഷെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്സ്
98-99	എൽ.എഫ്.എം6/139/04/തിയ്യതി 13-12-11	10
99-2000	എൽ.എഫ്.എം8/1277/04/തിയ്യതി 13-12-11	11
2000-01	എൽ.എഫ്.എം6/647/05/തിയ്യതി 16-12-11	8

LOCAL FUND AUDIT DEPARTMENT

01-02	എൽ.എഫ്.എം6/1432/05/തിയ്യതി 14-10-10	33
02-03	എൽ.എഫ്.എം6/1433/05/തിയ്യതി ,,	28
03-04	എൽ.എഫ്.എ6/1194/08/തിയ്യതി ,,	16
04-05	എൽ.എഫ്.എം6/1195/08/തിയ്യതി ,,	23
05-06	എൽ.എഫ്.എം6/776/10/തിയ്യതി 2-12-10	16
06-07	എൽ.എഫ്.എം6/777/10/ തിയ്യതി 19-11-10	10
07-08	എൽ.എഫ്.എം6/778/10/തിയ്യതി 19-11-10	35
08-09	എൽ.എഫ്.എം5/744/12/തിയ്യതി 6-6-12	16
09-10	എൽ.എഫ്.എം5/745/12 തിയ്യതി 7-8-12	16

അവശേഷിക്കുന്ന റിഷോർട്ടുകളിലെ തടസ്സങ്ങൾ തീർഷാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(4-5) ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം : ഇല്ല.

എ) *ചാർജ്/സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം:* ഇല്ല.

ബി) *ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ/ഈടാക്കിയ തുകയുടെ വിവരം.*

ക്രമ നമ്പർ	ഓഡിറ്റ് റിഷോർട്ട് വർഷം	ചാർജ് സർട്ടിഫിക്കറ്റ് റഫ.നമ്പർ/ തിയ്യതി	സർചാർജ് സർട്ടിഫിക്കറ്റ് റഫ.നമ്പർ/ തിയ്യതി	സർട്ടിഫിക്കറ്റ് പ്രകാര മുള്ള തുക	അടവാക്കിയ തുക	അടവാക്കിയ ആളുടെ പേരും രസീതു നമ്പറും തിയ്യതിയും	ബാക്കി	റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയ തുക	റിമാർക്സ്
1	2001-02	-	എൽ.എഫ്./14543/സ്പെ.സെൽ എസ്.സി.5/08 തിയ്യതി 19-6-10	10,272	-	-	10,272	-	

ഡെപ്യൂട്ടി ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ്,
മലപ്പുറം.

ആർ. 6/13

LOCAL FUND AUDIT DEPARTMENT

അനുബന്ധം- 1

(എ) വിവിധ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ

1

(1)	***ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി***	
1	ശ്രീ. കെ. പി. ഗിരീഷ്	1-4-2010 മുതൽ 30-9-2010 വരെ
2	ശ്രീ. കെ. കെ. സുരേന്ദ്രൻ	1-11-2010 മുതൽ 31-3-2011 വരെ
(2)	***വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി***	
1	ശ്രീ. അബ്ദുൽ മജീദ്. പി.	1-4-2010 മുതൽ 30-9-2010 വരെ
2	ശ്രീമതി. സാജിത	1-11-2010 മുതൽ 31-3-2011 വരെ
(3)	***ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി***	
1	ശ്രീമതി. ടി. എച്ച്. ലൈല	1-4-2010 മുതൽ 30-9-2010 വരെ
2	ശ്രീ. അബ്ദുൽ മജീദ്. പി.	1-11-2010 മുതൽ 31-3-2011 വരെ
(4)	***ആരോഗ്യം/വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി***	
1	ശ്രീമതി. പ്രബോധിനി. പി.	1-11-2010 മുതൽ 31-3-2011 വരെ

കുറിപ്പ്: 1-10-2010 മുതൽ 31-10-2010 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി.

(ബി) നിർവ്വഹണ ഉദ്യോഗസ്ഥർ

പേര്	കാലയളവ്	ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ബിന്ദു ജാസ്മിൻ അസിസ്റ്റന്റ് എഞ്ചിനീയർ	1-4-2010 മുതൽ 10-8-2010 വരെ	-	'തണൽ' വീട്ടിക്കുന്ന് റോഡ് ഇരിങ്ങാട്ടിരി, കരുവാരക്കുണ്ട് മലപ്പുറം- ജില്ല
ശ്രീ. എം. പി.ജോസ് അസിസ്റ്റന്റ് എഞ്ചിനീയർ	16-11-2010 മുതൽ 31-3-2011 വരെ	-	മറ്റിപ്പിള്ളി കരയാം പറമ്പ് കറുകുറ്റി, എറണാകുളം
ശ്രീമതി. ലീന. കെ. നായർ വെറ്ററിനറി സർജൻ	1-4-2010 മുതൽ 31-3-2011 വരെ	-	'ഐശ്വര്യ' വടക്ക പോക്കിരകത്ത് കക്കോടി, കോഴിക്കോട്.
ശ്രീ. ലാൻസ്ലറ്റ് തോമസ് മെഡിക്കൽ ഓഫീസർ പി. എച്ച്. സി.	1-4-2010 മുതൽ 31-3-2011 വരെ	മെഡിക്കൽ ഓഫീസർ പി. എച്ച്. സി. തുവ്വൂർ	കുളപ്പുറത്ത് (ഹൗസ്) തിരുവാലി (പി.ഒ.) മലപ്പുറം.

LOCAL FUND AUDIT DEPARTMENT

ശ്രീമതി. മറിയാമ്മ ഹെഡ് മിസ്ട്രസ്സ്	1-4-2010 മുതൽ 31-3-2011 വരെ	ഹെഡ് മിസ്ട്രസ്സ് ജി.എൽ. പി. എസ്. തുവ്വൂർ	തോബിക്കൽ പള്ളിക്കുന്ന് വണ്ടൂർ (പി.ഒ) മലപ്പുറം.
ശ്രീ. പഴനിസ്വാമി വി. ഇ. ഒ.	1-4-2010 മുതൽ 18-12-2010 എഫ്.എൻ. വരെ	വി. ഇ. ഒ എടപ്പറ്റ	ശാന്തി നിവാസ്, ഷോളയാർ, അഗളി, പാലക്കാട്.
ശ്രീ. സജു ഗോപിനാഥ് വി. ഇ. ഒ.	18-12-10 എ.എൻ മുതൽ 31-3-2011 വരെ	വി. ഇ. ഒ എടക്കര.	വേങ്ങത്താട്ടിൽ (ഹൗസ്) എടക്കര.
ഡോ. കെ. ഓമന ആയുർവേദ മെഡിക്കൽ ഓഫീസർ	1-4-2010 മുതൽ 30-6-10 വരെ	ജില്ലാ മെഡിക്കൽ ഓഫീസർ, ഐ.എസ്.എം മലപ്പുറം.	'മീര മാൻഷൻ' കാളികാവ് (പി.ഒ.) 676 525
ഡോ. സിന്ധുലത ആയുർവേദ മെഡിക്കൽ ഓഫീസർ	30-6-10 എ.എൻ. മുതൽ 23-9-10 എ.എൻ. വരെ.	-	പാർവതി നിലയം എ. ആർ. നഗർ കൊളപ്പുറം മലപ്പുറം.
ഡോ. ജോമോൻ ജോസഫ് ആയുർവേദ മെഡിക്കൽ ഓഫീസർ	23-9-10 എ. എൻ. മുതൽ 29-11-10 എഫ്.എൻ. വരെ. 26-1-2011 മുതൽ 30-1-11 വരെ	-	കൊന്നക്കോട്ട് എടക്കര, മലപ്പുറം.
ഡോ. അജ്മൽബിൻ മുഹമ്മദ് ആയുർവേദ മെഡിക്കൽ ഓഫീസർ	29-11-2010 എ.എൻ. മുതൽ 26-1-2011 എഫ്.എൻ. വരെ.	-	തൈപറമ്പിൽ (ഹൗസ്) മേലാറ്റൂർ (പി.ഒ.) മലപ്പുറം. പിൻ- 679 326
ഡോ. അമ്പിളി പ്രഭാകരൻ ആയുർവേദ മെഡിക്കൽ ഓഫീസർ	30-1-11 മുതൽ 31-3-11 രെ	-	നെടുമ്പുഴക്കളം അമ്പാടി, ചുങ്കത്തറ മലപ്പുറം.
ശ്രീമതി. അത്തിക്കാമ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	1-4-2010 മുതൽ 31-3-2011 വരെ	ഐ. സി.ഡി.എസ്. സൂപ്പർവൈസർ തുവ്വൂർ	കണ്ണം പള്ളി പയ്യനോട്, ഇരിങ്ങാട്ടിരി (പി.ഒ.) കരുവാരക്കുണ്ട് 676 523
ശ്രീമതി. റിയാ ജോസഫ് കൃഷി ഓഫിസർ	1-4-2010 മുതൽ 31-3-2011 വരെ	-	ധ/0 ജോമോൻ ജോസഫ് കണിച്ചായി. വീട്, അരിമ്പൂർ, 680 620 തൃശ്ശൂർ.

ഡെപ്യൂട്ടി ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ്,
മലപ്പുറം.

ആർ. 6/13

LOCAL FUND AUDIT DEPARTMENT

LOCAL FUND AUDIT DEPARTMENT